പതിമൂന്നാം കേരള നിയമസഭ
പത്ത ാം സമ്മേളനം

നക്ഷത്ര ചിഹ്നമി ടാത്ത
നിയമസഭാ ചോദ്യം നമ്പർ : 2982 | 28.01.2014-ലെ മറുപടിക്ക്.

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനുള്ള ഗ്രാന്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. കെ. അജിത്<br>ശ്രീമതി. ഗീതാ ഗോപി | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനങ്ങൾക്കായി 2012-13 സാമ്പത്തിക വർഷത്തേയ്ക്ക് എന്ത് തുകയാണ് വകയിരുത്തിയിരുന്നതെന്ന് വിശദമാക്കാമോ ; | എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് 2012-13 ൽ പദ്ധതിയേതര ഇനത്തിൽ ഓർഗനൈസേഷൻ ഗ്രാന്റായി പതിനൊന്ന് കോടി എൺപത്തിയഞ്ചു ലക്ഷം രൂപയും എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റായി മൂന്ന് കോടി രൂപയും പദ്ധതിയിനത്തിൽ അറുപത്തിയഞ്ച് ലക്ഷം രൂപയും വകയിരുത്തിയിരുന്നു. |
| ബി) ലൈബ്രറി കൗൺസിലിന് സർക്കാർ നൽകുന്ന ഗ്രാന്റുകൾ എത്ര ഗഡുക്കളായാണ് വിതരണം ചെയ്യുന്നത് എന്നും ഏത് രീതിയിലാണെന്നും വ്യക്തമാക്കാമോ ; | : (ബി) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് ഓരോ സാമ്പത്തിക വർഷത്തിലേയ്ക്കും സർക്കാർ നിശ്ചയിക്കുന്ന ഗ്രാന്റ്നാല് തുല്യ ഗഡുക്കളായി അതാത് വർഷം ഏപ്രിൽ, ജൂലൈ, ഒക്ടോബർ, ജനുവരി മാസങ്ങളിലായി മുൻകൂറായാണ് നൽകുന്നത്. |
| (സി) ഗ്രാന്റ് വിതരണത്തിൽ സർക്കാർ കുടിശ്ശിക വരുത്തിയിട്ടുണ്ടോ ; എങ്കിൽ എത്രയാണെന്നും ഇതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ ; | : (സി) 2013 – 14 വർഷത്തെ ലൈബ്രറി ഗ്രാന്റ് വിതരണം ചെയ്തിട്ടില്ല. ഗ്രാന്റ് നൽകുന്നതിന് തടസ്സങ്ങൾ നിലവിലുണ്ട്. 2012-13 ലെ അവസാന ഗഡു ഗ്രാന്റ്, താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായാണ് നൽകിയിരുന്നത്.<br><br>i) അടുത്ത സാമ്പത്തിക വർഷത്തെ ഫണ്ട് അലോട്ട്മെന്റിന് ഫയൽ അയയ്ക്കുമ്പോൾ ജീവനക്കാരുമായി |

ബന്ധപ്പെട്ടുള്ള വിഷയങ്ങളുടെ വിശദ വിവരങ്ങളും ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ ആഡിറ്റ് ഒബ്‌ജക്ഷനിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ എന്തു നടപടികൾ സ്വീകരിച്ചു എന്നീ വിവരങ്ങൾ

ii) ഗ്രാന്റ് ഇൻ എയ്ഡ് ആയി റിലീസ് ചെയ്യുന്ന തുക ബാങ്കിൽ പാർക്ക് ചെയ്യാൻ പാടുള്ളതല്ല.

iii) യൂട്ടിലൈസേഷൻ കഴിച്ച് ബാക്കി വരുന്ന തുക ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് സറണ്ടർ ചെയ്തിരിക്കണം.

iv) അനുവദിച്ച തുക ഒരിക്കലും വകമാറ്റി ചെലവഴിക്കാൻ പാടുള്ളതല്ല.

v) അനുവദിച്ച എല്ലാ തുകകളുടെയും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സർക്കാരിൽ എത്രയും വേഗം അയയ്ക്കേണ്ടതാണ്.

അവ ഇതുവരെ പാലിച്ചിട്ടില്ല. കൂടാതെ സർക്കാർ നൽകിയ കാരണം കാണിക്കൽ നോട്ടീസിന് വ്യക്തമായ മറുപടി ലൈബ്രറി കൗൺസിൽ നൽകിയിട്ടില്ല. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സർക്കാർ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ലഭ്യമാക്കിയാൽ താമസംവിനാ ഗ്രാന്റ് നൽകുന്നതാണ്.

(ഡി) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകളിലെ ലൈബ്രേറിയൻ-മാർക്ക് അലവൻസ് നൽകുന്നുണ്ടോ ; എങ്കിൽ എത്രയാണെന്ന് വിശദമാക്കാമോ ;

(ഡി) അലവൻസ് നൽകുന്നുണ്ട്. അത് എ, ബി, സി, ഗ്രേഡിൽപ്പെട്ട ലൈബ്രറികളിലെ ലൈബ്രേറിയൻ-മാർക്ക് 1,300/- രൂപ പ്രകാരം വാർഷിക അലവൻസ് 15,600/- രൂപയും ഡി, ഇ, എഫ് ഗ്രേഡിൽപ്പെട്ട ലൈബ്രറികളിലെ ലൈബ്രേറിയൻ -മാർക്ക് 1,050/- രൂപ പ്രകാരം വാർഷിക അലവൻസ് 12,600/- രൂപയുമാണ്.

| | |
|---|---|
| (ഇ) പ്രസ്തുത അലവൻസ് വിതരണം ചെയ്യുന്നതിൽ എത്രമാസത്തെ കുടിശ്ശികയാണുള്ളതെന്നും ആയതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ ? | : (ഇ) ലൈബ്രറികൾക്ക് ഗ്രാന്റ് കുടിശ്ശികയുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ